തുടർന്നും പാലക്കാട് നഗരസഭയ്ക്ക് ആവശ്യമാണെന്നുള്ള മുനിസിപ്പൽ ചെയർമാന്റെ അഭ്യർത്ഥന മാനിച്ചാണ് ചാവക്കാട് നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം റദ്ദാക്കി ഉത്തരവു പുറപ്പെടുവിച്ചത്.

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കി ഉയർത്താൻ നടപടി

124 (2922)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കി ഉയർത്തണമെന്ന ആവശ്യത്തിന്മേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സുൽത്താൻബത്തേരി എന്നുമുതൽ മുനിസിപ്പാലിറ്റിയാക്കി ഉയർത്തും എന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

ചവർ നിക്ഷേപിക്കുന്നതിന് കണ്ടെയിനറുകൾ

125 (2923)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ചവർ നിക്ഷേപിക്കുന്നതിന് എത്ര കണ്ടെയിനറുകൾ വിവിധ സ്ഥലങ്ങളിലായി വച്ചിട്ടുണ്ട്;

(ബി) ഈ കണ്ടെയിനറുകൾ നിറഞ്ഞുകവിഞ്ഞ് നാറ്റം വമിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) ദുർഗന്ധം വമിക്കുന്ന ഇത്തരം കണ്ടെയിനറുകൾ പബ്ളിക് ടാപ്പുകൾക്ക് സമീപത്തും മറ്റും സ്ഥാപിച്ചതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഈ കണ്ടെയിനറുകൾ എടുത്തു മാറ്റുകയോ നിത്യവും അവയിൽ നിന്ന് ചവർ നീക്കുകയോ ചെയ്യുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ ചവർ നിക്ഷേപിക്കുന്നതിന് വിവിധ സ്ഥലങ്ങളിലായി 180 കണ്ടെയിനറുകൾ വച്ചിട്ടുണ്ട്.

(ബി) പ്രധാന നിരത്തുകളിൽ വച്ചിട്ടുള്ള കണ്ടെയിനറുകൾ ദിവസേനയും മറ്റുള്ളവ രണ്ടു ദിവസത്തിലൊരിക്കലും മാറ്റുവാനാണ് നഗരസഭ തീരുമാനിച്ചിട്ടുള്ളത്; എന്നാൽ ചവർ നിക്ഷേപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം കാരണം പലപ്പോഴും നിശ്ചിത സമയപരിധിക്കുള്ളിൽ ചവർ മാറ്റാൻ കഴിയാതെ വന്നിട്ടുണ്ട്; പ്രധാന നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള കണ്ടെയിനറുകൾ ഇപ്പോൾ ദിവസവും മാറ്റുന്നുണ്ട്. ഇതിനുപുറമേ കണ്ടെയിനറുകളിൽ സെൽറിച്ച് എന്ന പദാർത്ഥം വിതറി ദുർഗന്ധം ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

371/2010.

LIBRARY ARCHIVES Kerala Legislative Assembly